"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- പൊതു സ്ഥലംമാറ്റ ഉത്തരവിനെതിരെ സുനി.ജെ, മൂന്നാംതരം ഓവർസിയർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1210/2023 കേസിന്മേൽ ബഹു.കോടതി 5.07.2023-ന് പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1586/2023/LSGD തീയതി,തിരുവനന്തപുരം, 04-08-2023

പരാമർശം:- 1) 3/7/2023 ലെ LSGD/PD/1224/2023 നമ്പർ പൊതു സ്ഥലംമാറ്റ ഉത്തരവ്.

2) 04.07.2023 -ന് ശ്രീമതി.സുനി.ജെ സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ

3) OA No.1210/2023 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 05.07.2023-ന് പുറപ്പെടുവിച്ച വിധിന്യായം.

**ഉത്തരവ്**

പരാമർശം 1 പ്രകാരമുള്ള ഉത്തരവിനെതിരെ കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിലെ മൂന്നാംതരം ഓവർസിയർ സുനി.ജെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA No.1210/2023 കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസിൽ ബഹു.കോടതി പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ (Annexure A10) ടിയാരിയുടെ ആരോഗ്യസ്ഥിതി പരിഗണിച്ച്, വിധിന്യായം ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാനും, അപേക്ഷകയുടെ ആരോഗ്യനില പരിഗണിച്ച് തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും സ്ഥലത്ത് ടിയാരിയെ പരിഗണിക്കണമെന്ന് രണ്ടാം എതിർകക്ഷിയായ പ്രിൻസിപ്പൽ ഡയറക്ടറോടും ബഹു.കോടതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

2) സുനി.ജെ. 26.05.2018 നാണ് തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും, കരട് സ്ഥലംമാറ്റ ഉത്തരവ് വന്നപ്പോൾ, ക്യാൻസർ രോഗിയാണെന്നത് പരിഗണിച്ച് സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും പ്രിൻസിപ്പൽ ഡയറക്ടർ ആയത് പരിഗണിച്ചില്ല എന്നും, 3/7/2023 ലെ സ്ഥലംമാറ്റ ഉത്തരവിൽ കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിലേയ്ക്കാണ് സ്ഥലം മാറ്റം അനുവദിച്ചതെന്നും, ആർ.സി.സി. യിൽ ചികിൽസയിൽ ആണെന്നത്

പരിഗണിച്ച് ഇപ്പോൾ ജോലി ചെയ്യുന്ന തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിൽ തന്നെ നിലനിർത്തണമെന്നും അപേക്ഷകയിൽ ആവശ്യപ്പെട്ടിരുന്നു.

3) 2023 ലെ പൊതുസ്ഥലം മാറ്റ നടപടികൾ പൂർത്തീകരിച്ചതിനാൽ തിരുവനന്തപുരം ജില്ലയിൽ മൂന്നാംതരം ഓവർസിയറുടെ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല എന്നും, പെറ്റീഷണറുടെ പ്രായവും ആരോഗ്യസ്ഥിതിയും പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ മൂന്നാംതരം ഓവർസിയറുടെ ഒഴിവ് വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ് എന്നും, സുനി.ജെ, 12/07/2023-ന് സ്ഥലംമാറ്റം കിട്ടിയ കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും വിശദമായി പരിശോധിച്ചു. പെറ്റീഷണർ ആർ.സി.സി. യിൽ ചികിൽസയിൽ ആണെന്നത് പരിഗണിച്ച് ഇപ്പോൾ ജോലി ചെയ്യുന്ന തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിൽ തന്നെ നിലനിർത്തണമെന്നാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച 25.02.2017 ലെ സ.ഉ(പി)നം.3/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവിൽ പൊതു സ്ഥലംമാറ്റത്തിനും നിയമനത്തിനും അനുകമ്പാർഹമായ കാരണങ്ങൾ പരിഗണിക്കണമെന്ന് (ക്യാൻസർ പോലുള്ള ഗുരുതര അസുഖബാധിതരായവരാണെങ്കിൽ) പരാമർശിച്ചിട്ടുള്ളതിനാലും, പെറ്റീഷണറുടെ പ്രായവും ആരോഗ്യസ്ഥിതിയും പരിഗണിച്ചും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും പരിഗണിക്കുമ്പോൾ ടിയാരിയുടെ ആവശ്യം തികച്ചും പരിഗണനാർഹമാണെന്നു കാണുന്നു. എന്നാൽ തിരുവനന്തപുരം ജില്ലയിൽ മൂന്നാംതരം ഓവർസിയറുടെ ഒരൊഴിവും നിലവിലില്ല എന്ന് പ്രിൻ. ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടിയാരിയ്ക്ക് അടിയന്തരമായി നിയമനം നൽകാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ, മൂന്നു വർഷത്തിൽ കൂടുതൽ ഒരു സ്റ്റേഷനിൽ ജോലി ചെയ്തവരെല്ലാം പൊതു സ്ഥലംമാറ്റത്തിൽ ട്രാൻസ്ഫർ ആയിട്ടുള്ളതിനാൽ നിലവിൽ ജോലി ചെയ്യുന്ന ആരെയും സ്ഥലം മാറ്റി പെറ്റീഷണർക്കു തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കാൻ സാധിക്കാത്ത സാഹചര്യവുമാണ് നിലനിൽക്കുന്നതെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

5) ഈ സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലയിൽ മൂന്നാംതരം ഓവർസിയർ തസ്തികയിൽ ഇനി ആദ്യം വരുന്ന ഒഴിവിലേയ്ക്ക് പെറ്റീഷണർക്ക് നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി സർക്കാർ ഉത്തരവാകുന്നു.

6) അപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.1210/2023 കേസിന്മേൽ ബഹു.കോടതി 05.07.2023-ന് പുറപ്പെടുവിച്ച വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. സുനി.ജെ., D/o എസ്.ജാസ്മിൻ, മാരായമുട്ടം, മാരായമുട്ടം.പി.ഒ, തിരുവനന്തപുരം 695124.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Keerthi I.p
Date: 04-08-2023 17:23:40